പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ 3084

18/10/2016 ൽ

മറുപടിക്ക്

**മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി) |
| എ) മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റിൽ നിന്നുള്ള സിമന്റ്, വിപണിയിൽ ഇറക്കുന്നതിന് കഴിയാത്ത സാഹചര്യം നിലവിലുണ്ടോ; എങ്കിൽ ഇതുമൂലം ഉണ്ടായിട്ടുള്ള നഷ്ടം തിട്ടപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് അറിയിക്കുമോ; | എ) & ബി) & സി) മലബാർ സിമന്റ്സിന്റെ ചേർത്തല യൂണിറ്റിലെ ഉല്പാദനവും വിപണനവും ജൂലൈ മാസം മുതൽ പുനരാരംഭിച്ചിട്ടുണ്ട്. കമ്പനിയുടെ ചേർത്തല യൂണിറ്റ് 50 ദിവസത്തോളം പ്രവർത്തിക്കാത്തതുമൂലം സിമന്റ് വിപണി മറ്റ് കമ്പനികളുടെ നിയന്ത്രണത്തിലായി എന്നത് വാസ്തവമാണ്. എന്നാൽ കമ്പനിയുടെ സിമന്റ് ഉല്പാദനം വർദ്ധിപ്പിച്ച് വിപണി തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നു. |
| ബി) സിമന്റ് വിപണിയിൽ ആവശ്യകത വർദ്ധിച്ചിരിക്കുന്ന നിലവിലെ സാഹചര്യം അനുകൂലമായി ഉപയോഗിക്കുന്നതിന് ഈ യൂണിറ്റിന് കഴിയാത്തത് സ്വകാര്യ സിമന്റ് കമ്പനികളെ പരോക്ഷമായി സഹായിക്കുന്ന നടപടിയാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | |
| സി) ഈ യൂണിറ്റിൽ നിന്നുള്ള സിമന്റ് അടിയന്തിരമായി വിപണിയിൽ എത്തിക്കുന്നതിനും വിപണിയിലെ അനുകൂല സാഹചര്യം മുതലെടുക്കുന്നതിനും സഹായിക്കുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ